REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 25-03-2026** **സമയം 12.30 PM**

## പ്രധാന വാർത്തകൾ

- **സംസ്ഥാനത്ത് മുന്നണികളും രാഷ്ട്രീയ പാർട്ടികളും നിയമസഭാ പ്രചാരണ രംഗത്ത് കൂടുതൽ സജീവമായി.**
- **സംസ്ഥാനത്തെ അന്തിമ വോട്ടർപട്ടികയിൽ രണ്ട് കോടി 71 ലക്ഷത്തി 42,952 വോട്ടർമാരുണ്ടെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ U കേൽക്കർ.**
- **പശ്ചിമേഷ്യൻ സംഘർഷ പശ്ചാത്തലത്തിൽ ന്യൂഡൽഹിയിൽ വൈകിട്ട് സർവകക്ഷി യോഗം.**
- **ഇറാൻ പ്രസിഡന്റ് മസൂദ് പെഷസ്കിയാനുമായി ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മക്രോൺ ചർച്ച നടത്തി.**
- **കേരളത്തിലെ 12 ജില്ലകളിൽ നാളെ വരെ പകൽ താപനില ഉയർന്നേക്കുമെന്ന് കാലാവസ്ഥാ വകുപ്പ്.**

## വാർത്തകൾ വിശദമായി

സംസ്ഥാനത്ത് മുന്നണികളും രാഷ്ട്രീയ പാർട്ടികളും പ്രചാരണ രംഗത്ത് കൂടുതൽ സജീവമായി.

UDF ന്റെ തിരഞ്ഞെടുപ്പ് പ്രചാരണത്തിന് തുടക്കമിടാൻ ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽഗാന്ധി വൈകിട്ട് കോഴിക്കോട്ടെത്തും, ബീച്ചിൽ സംഘടിപ്പിക്കുന്ന മഹാറാലിയെ അദ്ദേഹം അഭിസംബോധന ചെയ്യും. തുടർദിവസങ്ങളിൽ കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെ, AICC ജനറൽ സെക്രട്ടറിമാരായ പ്രിയങ്കാ ഗാന്ധി, ദീപാദാസ് മുൻഷി, കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യ, ഉപമുഖ്യമന്ത്രി DK ശിവകുമാർ തുടങ്ങിയവർ പ്രചാരണത്തിനെത്തും.

തിരഞ്ഞെടുപ്പിൽ തന്റെ നാമനിർദ്ദേശ പത്രികയെപ്പറ്റി അടിസ്ഥാനരഹിതമായ ആരോപണങ്ങളാണ് LDF ഉയർത്തിയതെന്ന് പ്രതിപക്ഷ നേതാവ് VD സതീശൻ പറഞ്ഞു. പല വിഷയങ്ങളിലും മുഖ്യമന്ത്രിയുടെ നിലപാട് ഇരട്ടത്താപ്പാണ്. മദ്യലഭ്യത കുറയ്ക്കുമെന്ന 2016 ലെ പ്രകടനപത്രികയിലെ വാഗ്ദാനത്തിനു പകരം ആയിരം ബാറുകൾ അനുവദിച്ചത് ഇടതുപക്ഷമാണെന്നും സതീശൻ കുറ്റപ്പെടുത്തി.

സംസ്ഥാന ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ വിമർശനപരമായി അവതരിപ്പിക്കാതെ നുണ പരത്തുകയാണ് പ്രതിപക്ഷമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ കുറ്റപ്പെടുത്തി. വിമർശിക്കാനൊന്നുമില്ലാത്ത നിസ്സഹായതയിലാണ് പ്രതിപക്ഷമെന്നും അദ്ദേഹം കോട്ടയത്തു പറഞ്ഞു. കാഞ്ഞിരപ്പള്ളി, ചങ്ങനാശ്ശേരി, ഏറ്റുമാനൂർ, പാല നിയോജക മണ്ഡലങ്ങളിൽ എത്തുന്ന മുഖ്യമന്ത്രി വൈകിട്ട് പാല കൊട്ടാരമറ്റത്തെ പൊതുയോഗത്തിലും പങ്കെടുക്കും.

വിവാദങ്ങളിലൂടെയും, ഡീൽ ആരോപണങ്ങളിലൂടെയും വോട്ടർമാരുടെ ശ്രദ്ധതിരിക്കുന്ന ഇടത് - വലത് മുന്നണികളുടെ ശ്രമം ഈ തെരഞ്ഞെടുപ്പിൽ വിജയിക്കില്ലെന്ന് BJP സംസ്ഥാന പ്രസിഡണ്ട് രാജീവ് ചന്ദ്രശേഖർ പറഞ്ഞു. വികസനം യാഥാർത്ഥ്യമാക്കുന്ന ബദൽ മുന്നണി എന്ന നിലയിൽ NDA യിൽ ജനങ്ങളുടെ വിശ്വസവും പ്രതീക്ഷയും തെരഞ്ഞെടുപ്പിൽ പ്രതിഫലിക്കുമെന്നും രാജീവ് ചന്ദ്രശേഖർ പറഞ്ഞു. കൊല്ലം പ്രസ് ക്ലബ്ബിന്റെ 'വോട്ടും വാക്കും' തെരഞ്ഞെടുപ്പ് സംവാദ പരിപാടിയിൽ പങ്കെടുക്കുക യായിരുന്നു രാജീവ് ചന്ദ്രശേഖർ.

രാഷ്ട്രീയ പ്രാധാന്യമേറിയ കേസുകളിൽ കോടതി നടപടികൾ വൈകുന്നതിനെ BJP യുടെ താത്പര്യമായി ആരോപിക്കുന്നത് അടിസ്ഥാനരഹിതമാണെന്നും അദ്ദേഹം പറഞ്ഞു. കേസുകളുടെ തീർപ്പാക്കൽ അനന്തമായി നീളുന്ന പോരായ്മ പരിഹരിക്കപ്പെടേണ്ടതാണെന്നും രാജീവ് ചന്ദ്രശേഖർ പറഞ്ഞു.

✪✪✪

നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന കഴിഞ്ഞതോടെ സംസ്ഥാനത്ത് തെരഞ്ഞെടുപ്പു പ്രചാരണം കൂടുതൽ ഊർജ്ജിതമായി.

തിരുവനന്തപുരത്തു നിന്ന് സ്മിതി M പള്ളുരുത്തി.

....(വോയ്സ്)..............

✪✪✪

സംസ്ഥാനത്തെ നിയമസഭാ തിരഞ്ഞെടുപ്പിന്റെ അന്തിമ വോട്ടർപട്ടികയിൽ രണ്ട് കോടി 71 ലക്ഷത്തി 42,952 വോട്ടർമാരുണ്ടെന്ന് സംസ്ഥാന മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ U കേൽക്കർ അറിയിച്ചു. ഇതിൽ ഒരു കോടി 39 ലക്ഷത്തി 21,868 വനിതകളും, ഒരു കോടി 32 ലക്ഷത്തി 20,811 പുരുഷന്മാരുമാണ്. 273 ട്രാൻസ്ജെൻഡർമാരും പട്ടികയിലുണ്ട്. രണ്ട് ലക്ഷത്തി 42,093 പ്രവാസി വോട്ടർമാരും 53,984 സർവീസ് വോട്ടർമാരും പട്ടികയിൽ ഇടം നേടി. ഈ മാസം 15 വരെ ലഭിച്ച അപേക്ഷകളാണ് പരിഗണിച്ചതെന്നും രത്തൻ U കേൽക്കർ പറഞ്ഞു.

✪✪✪

തെരഞ്ഞെടുപ്പ് നിരീക്ഷണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ആന്റീ ഡീഫേസ്മെന്റ് സ്ക്വാഡ് പാലക്കാട് ജില്ലയിൽ ഒരാഴ്ചക്കിടെ അരലക്ഷം അനധികൃത പ്രചാരണ സാമഗ്രികൾ നീക്കം ചെയ്തു. ഷൊർണ്ണൂർ മണ്ഡലത്തിൽ നിന്നാണ് ഏറ്റവും കൂടുതൽ പ്രചാരണ സാമഗ്രികൾ നീക്കം ചെയ്തത്.

പാലക്കാട്ട് നിന്ന് ഫൈസൽ അലിമുത്ത്.

....(വോയ്സ്) ,,,,,,

✪✪✪

MP മാർ മത്സരിക്കേണ്ടെന്ന പാർട്ടി നിബന്ധന ബോധ്യപ്പെടുത്തുന്ന കാര്യത്തിൽ നേതൃത്വത്തിന് വീഴ്ച വന്നതായി മുൻ KPCC പ്രസിഡണ്ട് K സുധാകരൻ പറഞ്ഞു. പൂർണ മനസ്സോടെയല്ല തീരുമാനം അംഗീകരിച്ചതെന്നും സുധാകരൻ മാധ്യമങ്ങളോട് പറഞ്ഞു. പാർട്ടി വിടുമെന്ന പ്രചാരണം വേദനിപ്പിച്ചതായും സുധാകരൻ വ്യക്തമാക്കി.

✪✪✪

പശ്ചിമബംഗാളിലെ SIR പ്രക്രിയയുമായി ബന്ധപ്പെട്ട് പരിഗണനയിലിരിക്കുന്ന വോട്ടർമാരുടെ പ്രശ്നങ്ങൾ ഏപ്രിൽ 6 ന് മുമ്പ് പരിഹരിക്കണമെന്ന് സുപ്രീംകോടതി തിരഞ്ഞെടുപ്പ് കമ്മീഷനോട് വാക്കാൽ നിർദ്ദേശിച്ചു. നേരത്തെ വോട്ടെടുപ്പ് പൂർത്തിയായ സ്ഥലങ്ങളിൽ നിയമനടപടികൾ ആദ്യം പൂർത്തിയാക്കണമെന്നും ചീഫ് ജസ്റ്റിസ്, സൂര്യകാന്ത് അധ്യക്ഷനായ ഡിവിഷൻ ബെഞ്ച് ആവശ്യപ്പെട്ടു.

✪✪✪

പശ്ചിമേഷ്യൻ സംഘർഷ പശ്ചാത്തലത്തിൽ ന്യൂഡൽഹിയിൽ ഇന്ന് സർവകക്ഷി യോഗം ചേരും. വൈകീട്ട് അഞ്ചിനാണ് യോഗം. രാജ്യരക്ഷാ മന്ത്രി

രാജ്‌നാഥ് സിങ്, ആഭ്യന്തരമന്ത്രി അമിഷ് ഷാ, വിദേശകാര്യമന്ത്രി ഡോ. S ജയശങ്കർ തുടങ്ങിയവർ യോഗത്തിൽ സംബന്ധിക്കും.

✪✪✪

ഇറാൻ പ്രസിഡന്റ് മഷൂദ് പെഷസ്കിയാനുമായി ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മക്രോൺ ചർച്ച നടത്തി. പശ്ചിമേഷ്യൻ മേഖലയിൽ സമാധാനം പുനഃസ്ഥാപിക്കണമെന്നും രാജ്യങ്ങൾക്കെതിരായ ശത്രുതയും ആക്രമണങ്ങളും അവസാനിപ്പിക്കണമെന്നും ആവശ്യപ്പെട്ടതായി മക്രോൺ അറിയിച്ചു. സിവിലിയൻ അടിസ്ഥാനസൗകര്യങ്ങൾ സംരക്ഷിക്കേണ്ടതിന്റെയും, ഹോർമൂസ് കടലിടുക്കിൽ കപ്പൽ ഗതാഗതം പുനഃസ്ഥാപിക്കേണ്ടതിന്റെയും ആവശ്യകത മക്രോൺ ആവർത്തിച്ചു. പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹാരം കണ്ടെത്തണമെന്ന് അദ്ദേഹം മസൂദ് പെഷ്സ്കിയാനോട് ആവശ്യപ്പെട്ടു.

✪✪✪

ഇറാഖിലെ കുർദിഷ് മേഖലയിൽ ഇറാന്റെ ബാലിസ്റ്റിക്ക് മിസൈൽ ആക്രമണത്തിൽ ആറ് പെഷ്മെർഗ പോരാളികൾ കൊല്ലപ്പെടുകയും 30 പേർക്ക് പരിക്കേൽക്കുകയും ചെയ്തു. കുർദിഷ് ഇറാഖി സേനയ്ക്കെതിരെ ഇറാൻ ആക്രമണം കടുപ്പിച്ചതിനെ തുടർന്നാണിത്.വടക്കൻ ഇറാഖിനെ ലക്ഷ്യമിട്ട് ഇറാൻ ആക്രമണം വർധിപ്പിച്ചതായും ഇത് നല്ല അയൽപക്ക ബന്ധത്തിന്റെ ലംഘനമാണെന്നും മന്ത്രാലയം ആരോപിച്ചു.

✪✪✪

രാജ്യത്ത് ആവശ്യത്തിന് പെട്രോളിന്റെയും -ഡീസലിന്റെയും ശേഖരമുണ്ടെന്നും, LPG ആഭ്യന്തര ഉൽപ്പാദനം വർധിപ്പിച്ചിട്ടുണ്ടെന്നും പെട്രോളിയം മന്ത്രാലയം അറിയിച്ചു. എല്ലാ റിഫൈനറികളും ഏറ്റവും ഉയർന്ന ശേഷിയിൽ പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തിയി ട്ടുണ്ടെന്ന് ന്യൂഡൽഹിയിൽ അന്തർ മന്ത്രാലയ യോഗത്തിനുശേഷം പെട്രോളിയം പ്രകൃതി വാതക മന്ത്രാലയ ജോയിന്റ് സെക്രട്ടറി സുജാത ശർമ്മ അറിയിച്ചു.

✪✪✪

രാജ്യത്ത് ഒരിടത്തും ഇന്ധനക്ഷാമമില്ലെന്ന് പൊതുമേഖലാ കമ്പനികളായ ഭാരത് പെട്രോളിയവും ഹിന്ദുസ്ഥാൻ പെട്രോളിയവും അറിയിച്ചു. LPG യുടെയും ക്രൂഡ് ഓയിലിന്റെയും പെട്രോൾ- ഡീസൽ, വ്യോമയാന ഇന്ധനം, എന്നിവയുടെ മതിയായ ശേഖരം രാജ്യത്തുണ്ടെന്നും കമ്പനികൾ വെളിപ്പെടുത്തി. ഇന്ധന ദൗർലഭ്യമുണ്ടെന്ന ചില പ്രചാരണങ്ങൾ അടിസ്ഥാന രഹിതമാണെന്ന് കമ്പനികൾ സാമൂഹ്യ മാധ്യമ കുറിപ്പിൽ അറിയിച്ചു.

✪✪✪

സൈബർ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട 257 കേസുകൾ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് ഏറ്റെടുത്തതായും, 36,000 ത്തോളം കോടി രൂപയുടെ സ്വത്ത് കണ്ടെടുത്തതായും കേന്ദ്രം ലോക്സഭയെ അറിയിച്ചു. ഇന്ത്യൻ സൈബർക്രൈം കോഡിനേഷൻ സെന്റർ രൂപീകരിച്ചതോടെ, രാജ്യത്തെ മുഴുവൻ സൈബർ കുറ്റകൃത്യങ്ങളും അന്വേഷണം ഏകോപിപ്പിക്കാൻ കഴിയുന്നുണ്ടെന്ന് ആഭ്യന്തര സഹമന്ത്രി ബൻഡി സഞ്ജയ്കുമാർ ലോക്സഭയെ രേഖാമൂലം അറിയിച്ചു.

✪✪✪

കേരളത്തിലെ 12 ജില്ലകളിൽ നാളെ വരെ പകൽ താപനില ഉയരാൻ സാധ്യതയുണ്ടെന്ന് കാലാവസ്ഥാവകുപ്പ് മുന്നറിയിപ്പ് നൽകി. ഇടുക്കി, വയനാട് ഒഴികെ  ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകി.

✪✪✪

ഇന്ത്യയിൽ ആദ്യമായി ദയാവധത്തിന് അനുമതി ലഭിച്ച ഹരീഷ് റാണയുടെ സംസ്കാര ചടങ്ങുകൾ ഡൽഹിയിലെ ഗ്രീൻ പാർക് ശ്മശാനത്തിൽ നടത്തി. 13 വർഷമായി അബോധാവസ്ഥയിലായിരുന്ന ഹരീഷ് ചൊവ്വാഴ്ചയാണ് എയിംസ് ആശുപത്രിയിൽ അന്തരിച്ചത്. സുപ്രീം കോടതിയുടെ പ്രത്യേക അനുമതിയോടെ ജീവൻരക്ഷാ ഉപാധികൾ നീക്കം ചെയ്തതിനെ തുടർന്നായിരുന്നു അന്ത്യം.

✪✪✪

ഖേലോ ഇന്ത്യ ട്രൈബൽ ഗെയിംസ് ഇന്ന് ഛത്തീസ്ഗഡിൽ ആരംഭിക്കും. റായ്പൂർ, ജഗ്ദൽപൂർ, അംബികാപൂർ എന്നിവിടങ്ങളിലെ വേദികളിൽ ഏപ്രിൽ 3 വരെയാണ് മത്സരങ്ങൾ. 3000 ത്തിലേറെ ഗോത്രവർഗ്ഗ കായികതാരങ്ങൾ ഗെയിംസിൽ പങ്കെടുക്കും.

✪✪✪

കോഴിക്കോട് NIT യുടെ 'രാഗം 26' കലാമേള നാളെ ആരംഭിക്കും. ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ കലാനിശയാണിത്. മേള നാളെ വൈകിട്ട് ചലച്ചിത്ര താരവും ദേശീയ പുരസ്ക്കാര ജേതാവുമായ സുരഭി ലക്ഷ്മി ഉദ്ഘാടനം ചെയ്യും.

മൂന്ന് ദിവസത്തെ  പരിപാടികളാണ് രാഗം 2026 ൽ സംഘടിപ്പിക്കുന്നത്.

✪✪✪

ശബരിമല മഹോത്സവത്തിന് വൻ ഭക്തജനത്തിരക്ക്. പത്തു ദിവസത്തെ ഉത്സവത്തിന്റെ ഭാഗമായി വൈകിട്ട്, ശ്രീഭൂതബലി ഉണ്ടായിരിക്കും.  ഈ മാസം 31 നാണ് പള്ളിവേട്ട.  ഏപ്രിൽ ഒന്നിനു രാവിലെ 11 ന് പമ്പയിൽ ആറാട്ടോടെ

ഉത്സവം സമാപിക്കും. തീർത്ഥാടകർക്ക് വെർച്വൽ ക്യൂ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

✪✪✪

തിരക്കഥാകൃത്ത് T ദാമോദരന്റെ 14-ാം ചരമവാർഷിക ദിനമായ ഈ മാസം 28 ന് മലയാള ചലച്ചിത്ര കാണികളുടെ സംഘടനയായ 'മക്കൾ' കോഴിക്കോട്ട് അനുസ്മരണ സമ്മേളനം സംഘടിപ്പിക്കും. മേയർ ഒ സദാശിവൻ ഉദ്ഘാടനം ചെയ്യുന്ന ചടങ്ങിൽ സാഹിത്യകാരനും, തിരക്കഥാകൃത്തുമായ PR നാഥൻ അനുസ്മരണ പ്രഭാഷണം നടത്തും.

✪✪✪

സ്വർണ വില ഉയർന്നു. പവന് 2760 രൂപ വർദ്ധിച്ച് ഒരു ലക്ഷത്തി 7,560 രൂപയായി. 13,445 രൂപയാണ് ഗ്രാമിന് ഇന്നത്തെ വില.

✪✪✪

---

*News Editor : വി കെ സുരേഷ്*
*News Reader: ഫസ്ന ഫാത്തിമ*
*News Team: അനിൽ ചന്ദ്രൻ, അൻഷ കരീം*
*DEO: ഷീബ*